LIBRARY ARCHIVES Kerala Legislative Assembly

പി.എം.ജി.എസ്.വൈ.

6 (1379) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പി.എം.ജി.എസ്.വൈ. അനുസരിച്ച് മുടങ്ങി കിടന്ന റോഡുകളുടെ പണി പൂർത്തിയാക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഗ്രാമീണ മേഖലയിൽ റോഡ് ബന്ധമില്ലാത്ത ആവാസ കേന്ദ്രങ്ങളെ എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡ് മുഖാന്തരം ബന്ധിപ്പിച്ച് ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

(സി) പി.എം.ജി.എസ്.വൈ. പ്രകാരം അനുമതി ലഭിച്ച് നിരവധി തവണ ടെണ്ടർ ക്ഷണിച്ചിട്ടും പ്രതികരണമില്ലാത്ത ഫേസ് 2 മുതൽ 7 വരെയുള്ള പ്രവൃത്തികൾ 2010 ഷെഡ്യൂൾ പ്രകാരം റിവൈസ് ചെയ്ത ടി പ്രവൃത്തികൾക്ക് 42 ശതമാനം വരെ ടെണ്ടർ പ്രീമിയം അനുവദിച്ചതുവഴി 155 പ്രവൃത്തികൾക്ക് കരാർ ഉറപ്പിക്കുന്നതിന് സാധിച്ചു. വിവിധ കാരണങ്ങളാൽ ആരംഭിക്കാത്തതും മുടങ്ങിക്കിടക്കുന്നതുമായ മുൻ ഘട്ടങ്ങളിലെ 130 കി.മീറ്റർ ദൈർഘ്യം വരുന്ന 68 റോഡുകളുടെ പ്രവൃത്തികൾക്ക് 2013 PMGSY ലോക്കൽ മാർക്കറ്റ് ആധാരമായിട്ടുള്ള schedule of rate പ്രകാരം സംസ്ഥാനസർക്കാർ വിഹിതമായി രൂപ 60.64 ലക്ഷം അധിക തുക നൽകി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടെണ്ടർ പ്രീമിയം അനുവദിച്ചതുവഴി ഇതിനകം 120 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. അനുവദിച്ച റോഡുകളുടെ പൂർത്തീകരണ നിരക്ക് കൂടുന്നതിലൂടെ കൂടുതൽ റോഡുകൾക്ക് പി.എം.ജി.എസ്.വൈ. രണ്ടാംഘട്ടത്തിൽ കേന്ദ്ര സർക്കാരിൽനിന്നും അനുമതി നേടിയെടുത്തിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ

നടത്തിപ്പിനും മേൽനോട്ടത്തിനുമായി സംസ്ഥാന തലത്തിൽ ഒരു ചീഫ് എഞ്ചിനീയറെയും, ഒരു എംപവേർഡ് ഓഫീസറെയും നിയോഗിച്ചിട്ടുണ്ട്. പദ്ധതിയിൽ നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി 12 സ്വതന്ത്ര സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരെ നിയമിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ. പദ്ധതികളിലേയ്ക്ക് കരാറുകാരെ ആകർഷിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികളുടെ മാർക്കറ്റ് വില നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളിലെ ഉദ്യോഗസ്ഥന്മാരുടെ അദ്ധ്യക്ഷതയിൽ കരാറുകാരുടെ യോഗവും പരിശീലനപരിപാടിയും അവലോകനവും സംഘടിപ്പിച്ചിട്ടുണ്ട്.

പി.എം.ജി.എസ്.വൈ. റോഡുകൾ

7 (1380) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതി പ്രകാരം എത്ര കിലോമീറ്റർ റോഡുകളാണ് പുതുതായി നിർമ്മിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിനായി ലഭിച്ച കേന്ദ്രവിഹിതം എത്രയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പ്രകാരം 2309.91 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ 627.66 കി.മീ. ദൈർഘ്യം വരുന്ന പുതിയ റോഡുകളും 1682.25 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ നിലവിലുള്ള റോഡുകളെ പുനരുദ്ധീകരിച്ചതുമാണ്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി * ചേർത്തിരിക്കുന്നു.

(ബി) ഇതിനായി 861.53 കോടി രൂപ കേന്ദ്രവിഹിതമായി അനുവദിച്ചിട്ടുണ്ട്.

ഹാഡ പദ്ധതി

8 (1381) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്ത്/വില്ലേജുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly